Draft #3 of File 63192/AC A9-1/2020/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 12-May-2022 11:15 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

PG CSS 2019 - M.Sc. Psychology പ്രോഗ്രാമിന്റെ സിലബസിൽ 2021 പ്രവേശന വർഷം മുതൽ പുന:ക്രമീകരണം നടത്തുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 5015/AC A 9/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.05.2022

---

*പരാമർശം:*-1) PG CSS 2019 റഗുലേഷൻസ് പ്രകാരമുള്ള M.Sc.Psychology പ്രോഗ്രാമിന്റെ സിലബസ്.

2) 23.04.2022 തീയതിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷൻ (UG & PG Psychology) സമർപ്പിച്ച ശിപാർശ.

3) ബഹു: വൈസ് ചാൻസലർ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം 05.05.2022 തീയതിയിൽ നൽകിയ ഉത്തരവ്.

**<u>ഉത്തരവ്</u>**

PG CSS 2019 റഗുലേഷൻസ് പ്രകാരം നടന്നുവരുന്ന എം.എസ്.സി സൈക്കോളജി പ്രോഗ്രാമിന്റെ സിലബസ്സിൽ (പരാമർശം 1) Activity Based Assignments (PY010206) എന്ന കോഴ്സ് രണ്ടാം സെമസ്റ്ററിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ അക്കാദമിക് വർക്കിന്റെ തുടർച്ചയായ മൂല്യനിർണ്ണയം ആണ് പ്രസ്തുത കോഴ്സുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നും അപ്രകാരം മൂല്യനിർണ്ണയം നടത്താൻ നാലാം സെമസ്റ്ററിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ, Activity Based Assignments എന്ന കോഴ്സ് PY010406 എന്ന കോഴ്സ് കോഡ് നൽകി നാലാം സെമസ്റ്ററിലേയ്ക്ക് മാറ്റി 2021 പ്രവേശന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തി ക്രമീകരിക്കുന്നതിനും പരാമർശം (2) പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷൻ ശിപാർശ സമർപ്പിച്ചിരുന്നു.

പ്രസ്തുത ശിപാർശ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) നൽകുന്ന അധികാരം ഉപയോഗിച്ച് പരാമർശം (3) പ്രകാരം ബഹു:വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി സി / പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ മാർ
3. ജെ ആർ II (ഭരണ വിഭാഗം ) / ഡി ആർ II / എ ആർ III (അക്കാദമിക് )
4. ജെ ആർ. II / ഡി ആർ I , V / എ ആർ VIII (പരീക്ഷാവിഭാഗം )
5. സിസ്റ്റം മാനേജർ / CETEX
6. ഇ.എച്ച്. XII / കണ്ടന്റ് മാനേജ്മെന്റ് / റെക്കോർഡ്സ് സെക്ഷനുകൾ
7. കരുതൽ ഫയൽ/ ഫയൽ കോപ്പി

File 63192/AC A9-1/2020/VC SECTION

Draft #3 of File 63192/AC A9-1/2020/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 12-May-2022 11:15 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം